**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **32** — 28.06.2016 ൽ മറുപടിക്ക്

# മലയാളം കമ്പ്യൂട്ടിംഗ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് മലയാളം കമ്പ്യൂട്ടിംഗ് പൊതുജനങ്ങളിലേക്കെത്തിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (എ) മലയാളം കമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആവർത്തനം ഒഴിവാക്കുന്നതിനും വിവിധ ഏജൻസികളുടെ മലയാളം കമ്പ്യൂട്ടിങ്ങിനായുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച സർക്കാരിനു വേണ്ട ഉപദേശങ്ങൾ നൽകുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ലഭിക്കുന്ന വ്യക്തിഗത പദ്ധതികൾ വിലയിരുത്തി പ്രയോജനപ്രദമെങ്കിൽ അവ വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കൽ, ഫണ്ട് കണ്ടെത്തൽ, പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ, മറ്റു അനുബന്ധ കാര്യങ്ങൾ എന്നിവയ്ക്കു വേണ്ടുന്ന നിർദേശങ്ങൾ നൽകുന്നതിനുമായി 16.01.2015-ലെ സ.ഉ(എം.എസ്)നം. 02/2015/വിസവ പ്രകാരം (അനുബന്ധമായി ചേർക്കുന്നു) ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സമിതി താഴെ പറയുന്ന ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്.<br><br>1. ടെക്നോളജി/ പ്രോഡക്റ്റ് ഡെവലപ്പ്മെന്റ്<br>2.സംയുക്ത ഗവേഷണ പരിപാടി<br>3.മലയാളം കമ്പ്യൂട്ടിംഗ് ട്രെയിനിംഗ് /ടീച്ചിംഗ് പ്രോഗ്രാംസ്<br>4. അഡ്വോക്കസി ഇനിഷിയേറ്റിവ്സ് ഓൺ മലയാളം കമ്പ്യൂട്ടിംഗ്<br>5.കമ്മ്യൂണിറ്റി സപ്പോർട്ട് |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

**സംഗ്രഹം**

വിവര സാങ്കേതിക വകുപ്പ് – മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി- ഉപദേശക സമിതി രൂപീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിവര സാങ്കേതിക വിദ്യ (ബി) വകുപ്പ്

സ.ഉ.(എം.എസ് ). നം. 02/2015/വിസവ, തീയതി, തിരുവനന്തപുരം, 16.01.2015

പരാമർശം : 1.കേരള സംസ്ഥാന ഐ.ടി മിഷൻ ഡയറക്ടറുടെ 02/02/2013 ലെ കെ.എസ്.ഐ.റ്റി.എം/എൽ. എൽ.സി./ 3741/2012/224 നമ്പർ കത്ത്.

2. മലയാളം കമ്പ്യൂട്ടിംഗ് സംബന്ധിച്ച് 28/10/2014 ന് കൂടിയ യോഗത്തിന്റെ നടപടി കുറിപ്പ്.

**ഉത്തരവ്**

മലയാളം കമ്പ്യൂട്ടിംഗിനായി ഒരു പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) സ്ഥാപിക്കാനായി പരാമർശം ഒന്നിലെ കത്ത് പ്രകാരം കേരള സംസ്ഥാന ഐ.ടി. മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. കേരള സംസ്ഥാന ഐ.ടി മിഷനെ കൂടാതെ ഐ.സി ഫോസ്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻറ് മാനേജ്മെന്റ്-കേരള (ഐ.ഐ.ഐ.ടി.എം-കെ) എന്നീ സ്ഥാപനങ്ങളും മലയാളം കമ്പ്യൂട്ടിംഗ് പദ്ധതി നടപ്പാക്കുന്നതിനാൽ, ഈ മൂന്ന് സ്ഥാപന മേധാവികളുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും ഒരു യോഗം 28-10-14 ൽ സർക്കാർ വിളിച്ച ചേർത്തിരുന്നു. മലയാളം കമ്പ്യൂട്ടിംഗുമായി ബന്ധപ്പെട്ട പദ്ധതികളുടെ ആവർത്തനം ഒഴിവാക്കുവാനും വിവിധ ഏജൻസികളുടെ മലയാളം കമ്പ്യൂട്ടിംഗിനായുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും, പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും, ഇത് സംബന്ധിച്ച് സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകുന്നതിനായും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ലഭിക്കുന്ന വ്യക്തിഗത പദ്ധതികൾ വിലയിരുത്തി പ്രയോജന പ്രദമെങ്കിൽ അവ വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കൽ, ഫണ്ട് കണ്ടെത്തൽ, പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തൽ, മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവയ്ക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഉപദേശക സമിതി രൂപീകരിക്കുവാൻ പ്രസ്തുത യോഗം ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം കമ്പ്യൂട്ടിംഗുമായി ബന്ധപ്പെട്ട് മേൽ ഖണ്ഡികയിൽ വിശദീകരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനും, ഏകോപിക്കുന്നതിനും സർക്കാരിന് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നതിനുമായി ചുവടെ ചേർക്കുന്ന ഘടനയിലുള്ള ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഡയറക്ടർ, കെ.എസ്.ഐ.ടി.എം - മെമ്പർ കൺവീനർ
- ഡയറക്ടർ, ഐ.സി.ഫോസ് - മെമ്പർ

- ഡയറക്ടർ,ഐ.ഐ.ഐ.ടി.എം. -കെ - മെമ്പർ
- ഡയറക്ടർ, സി-ഡിറ്റ് - മെമ്പർ
- എൻ.ഐ.സി. കേരളം ഘടകം തലവൻ - മെമ്പർ
- ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - മെമ്പർ
- മലയാളം സർവ്വകലാശാല പ്രതിനിധി - മെമ്പർ

ആവശ്യാനുസരണം സ്വതന്ത്ര മലയാളം കമ്പ്യൂട്ടിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെയും, സംഘടനകളുടെയും അഭിപ്രായവും ഉപദേശക സമിതിയ്ക്ക് ആരായാവുന്നതാണ്.

ഗവർണറുടെ ഉത്തരവു പ്രകാരം
**സുഭാഷ് ജോൺ മാത്യു**
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.സി ഫോസ്, തിരുവനന്തപുരം.
ഐ.ഐ.ഐ.ടി.എം.-കെ, തിരുവനന്തപുരം.
ഡയറക്ടർ, സി-ഡിറ്റ്,തിരുവനന്തപുരം.
*സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി,തിരുവനന്തപുരം.*
ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം.
രജിസ്ട്രാർ, മലയാളം സർവകലാശാല, വക്കാട്, തിരൂർ, മലപ്പുറം, പിൻ:676 502.
വിവര പൊതുജന സമ്പർക്ക വകുപ്പ് *(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)*
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ